# Current affairs 13 Apr 2026

- **2026 ലെ യുഎൻ കാലാവസ്ഥാ വ്യതിയാന സമ്മേളനത്തിന്റെ (COP 31) വേദി**
  അന്റാലിയ, തുർക്കി

---

- **ഫ്രഞ്ച് ഗവൺമെന്റും ലോകാരോഗ്യ സംഘടനയും (WHO) സംയുക്തമായി സംഘടിപ്പിച്ച വൺ ഹെൽത്ത് സമ്മിറ്റിന് വേദിയായത്**
  ലിയോൺ, ഫ്രാൻസ്

---

- **ഐക്യരാഷ്ട്രസഭയുടെ (UN) സാമ്പത്തിക, സാമൂഹിക, സാംസ്കാരിക അവകാശങ്ങൾക്കായുള്ള സമിതിയുടെ (CESCR) അധ്യക്ഷയായി രണ്ടാമതും തിരഞ്ഞെടുക്കപ്പെട്ട ഇന്ത്യൻ നയതന്ത്രജ്ഞ**
  പ്രീതി സരൺ
  - 2025 സെപ്റ്റംബറിലാണ് പ്രീതി സരൺ ഈ സമിതിയുടെ അധ്യക്ഷയായി ആദ്യമായി തിരഞ്ഞെടുക്കപ്പെട്ടത്. ഈ പദവിയിലെത്തുന്ന ആദ്യത്തെ ഇന്ത്യക്കാരിയാണ് പ്രീതി സരൺ.

---

- **എനർജി സ്റ്റാറ്റിസ്റ്റിക്സ് ഇന്ത്യ 2026 റിപ്പോർട്ട് പ്രസിദ്ധീകരിച്ച കേന്ദ്ര സ്റ്റാറ്റിസ്റ്റിക്സ് ആൻഡ് പ്രോഗ്രാം ഇംപ്ലിമെന്റേഷൻ മന്ത്രാലയത്തിന്റെ കീഴിലുള്ള ഏജൻസി**
  നാഷണൽ സ്റ്റാറ്റിസ്റ്റിക്സ് ഓഫീസ് (NSO)


---

- **ആന്ധ്രാപ്രദേശ് പുനഃസംഘടന (ഭേദഗതി) 2026 നിയമപ്രകാരം ആന്ധ്രാപ്രദേശിന്റെ തലസ്ഥാനമായി പ്രഖ്യാപിച്ചത്**
  അമരാവതി
  - 2014ൽ തെലങ്കാന രൂപീകരിക്കുമ്പോൾ ആന്ധ്രാപ്രദേശിന്റെയും തെലങ്കാനയുടെയും സംയുക്ത തലസ്ഥാനമായി 10 വർഷത്തേക്ക് ഹൈദരാബാദ് തുടരാനായിരുന്നു തീരുമാനം. 10 വർഷം പൂർത്തിയായ പശ്ചാത്തലത്തിലാണ് അമരാവതിയെ ആന്ധ്രാപ്രദേശിന്റെ പുതിയ തലസ്ഥാനമായി പ്രഖ്യാപിച്ചത്. തെലങ്കാനയുടെ തലസ്ഥാനം ഹൈദരാബാദ് തന്നെയായിരിക്കും.









പ്രീതി സരൺ




4.8 ★ Download the app now | Learn in Malayalam